# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6164 09.07.2013 - ൽ മറുപടിക്ക്

## എല്ലാ ജില്ലകളിലും എയർ - സ്ട്രിപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>" രാജു എബ്രഹാം:<br>" കെ.കുഞ്ഞിരാമൻ (ഉദുമ): | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമാനത്താവളങ്ങൾ ഇല്ലാത്ത എല്ലാ ജില്ലകളിലും ചെറുവിമാനങ്ങളും ഹെലികോപ്ടറുകളും ഇറക്കുന്നതിനുള്ള എയർ - സ്ട്രിപ്പുകൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രഖ്യാപനം നടത്തിയ വർഷം ഇതിനായി ബജറ്റിൽ എന്തു തുക വകയിരുത്തുകയുണ്ടായി; ചെലവഴിച്ച തുക എത്ര; | (ബി) | പ്രസ്തുത പ്രഖ്യാപനം നടത്തിയ 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക യൊന്നും വകയിരുത്തിയിരുന്നില്ല. ടി പദ്ധതി കളുമായി ബന്ധപ്പെട്ട് തുകകളൊന്നും ആ വർഷം ചെലവഴിച്ചിട്ടില്ല. |
| (സി) | ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളാണ് എയർ - സ്ട്രിപ്പുകൾ സ്ഥാപി ക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; എത്ര ഏക്കർ സ്ഥലം വീതം നിർമ്മാണം ആരംഭിക്കാവുന്നനിലയിൽ സജ്ജമാക്കിയിട്ടുണ്ട്; | (സി) | ആദ്യഘട്ടമായി കൊല്ലത്തും കോട്ടയത്തും ഓരോ എയർ-സ്ട്രിപ്പ് നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തി നടപടിക്രമങ്ങൾക്കനുസൃതമായി കേന്ദ്ര സർക്കാരിന്റേയും, ബന്ധപ്പെട്ട ഏജൻസികളുടേയും, വകുപ്പുകളുടെയും അംഗീകാരവും ക്ലിയറൻസുകളും ലഭിച്ച ശേഷമേ നിർമ്മാണം ആരംഭിക്കുവാൻ കഴിയുകയുള്ളൂ. അനുയോജ്യമായ സ്ഥലം ഇതുവരെ ടി ജില്ലകളിൽ കണ്ടെത്താനായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മുൻസർക്കാരിന്റെ കാലത്ത് ബേക്കലിൽ എയർ-സ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലത്ത് അതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | കാസർഗോഡ് ജില്ലയിൽ പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർ-സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് GO(MS)No. 50/2011/TSM dated 14.02.2011 പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി പെരിയ വില്ലേജിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് 80.41 ഏക്കർ സ്ഥലത്തിലെ സർക്കാർ സ്ഥലം കൈമാറ്റത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) നെ സാധ്യതാ പഠനത്തിനായി നിയോഗിക്കുകയും സർവ്വെയും അനുബന്ധ പ്രവർത്തനങ്ങളും പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ